# വന്നു കാണുക

യോഹ 1:39

## വിചിന്തനം

ആഗസ്റ്റ് 2026

''വന്നു കാണുക.'' (യോഹ. 1,39)

വർഷങ്ങൾക്കുമുൻപ് എന്റെ ജീസസ് യൂത്ത് യാത്രയുടെ തുടക്കവും ഇത്തരം ഒരു ലളിതമായ ക്ഷണത്തിൽ നിന്നായിരുന്നു. ഞാൻ എൻജിനീയറിങ് കോളജിൽ ചേർന്ന് പഠിക്കുന്ന കാലം. എല്ലാ ഒന്നാംവർഷക്കാരെയും പോലെ പുതിയ സൗഹൃദങ്ങൾക്കായുള്ള അന്വേഷണത്തിലായിരുന്നു ഞാൻ. പുതിയ വിദ്യാർഥികളെ സീനീയേഴ്സ് ശല്യപ്പെടുത്തുന്നത് അന്നു പതിവായിരുന്നു. എന്നാൽ ചില സീനിയർ വിദ്യാർഥികൾ വളരെ വ്യത്യസ്തരാണെന്ന് എനിക്കു മനസ്സിലായി. അവരുടെ മുഖത്ത് പ്രത്യേകമായി ഒരു ആനന്ദമുണ്ടായിരുന്നു. അവരുടെ സമീപനം ഊഷ്മളമായിരുന്നു. വ്യക്തികളോടുള്ള ആത്മാർഥമായ ഒരു താൽപര്യം അവരിൽ ഞാൻ കണ്ടു. എന്റെ കുടുംബത്തെക്കുറിച്ചും പശ്ചാത്തലങ്ങളെക്കുറിച്ചും പുതിയ കോളജിലെ ജീവിതത്തെക്കുറിച്ചുമൊക്കെ ചോദിച്ചുമനസ്സിലാക്കാൻ അവർ സമയം കണ്ടെത്തി!

അധികം താമസിയാതെ അവർ എന്നെ ഒരു ജീസസ് യൂത്ത് കൂട്ടായ്മയിലേക്കു ക്ഷണിച്ചു. ഒരു കൗതുകത്തിന്റെ പേരിൽ ഞാൻ ആ ക്ഷണം സ്വീകരിച്ചു. ഈ ചെറുപ്പക്കാരെ ഇത്രയും വ്യത്യസ്തരാക്കുന്നത് എന്താണെന്നെറിയാൻ എനിക്ക് താല്പര്യമുണ്ടായി. അത് 'വന്നു കാണാം' എന്നു ഞാനും കരുതി. ഈ ലളിതമായ ക്ഷണം തന്നെയാണ് എന്റെ ജീവിതത്തിന്റെ ദിശ മാറ്റിയത്.

ഒരു മീറ്റിങ്ങോ വെറുമൊരു പരിപാടിയോ ആയിരുന്നില്ല അത്. ഒരു കൂട്ടായ്മയും പല സൗഹൃദങ്ങളുമാണ് ഞാൻ അവിടെ കണ്ടത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം വ്യക്തിപരമായ രീതിയിൽ എനിക്ക് യേശുവിനെ കണ്ടുമുട്ടാൻ കഴിഞ്ഞുവെന്നതാണ്. കോളേജിലെ ജീസസ് യൂത്ത് ചെറുപ്പക്കാർ എന്നെ ശ്രദ്ധിക്കുകയും കരുതുകയും ക്ഷണിക്കുകയും ചെയ്തതിനെ ഓർക്കുമ്പോൾ വി യോഹന്നാന്റെ സുവിശേഷത്തിലെ ഈ വചനങ്ങൾ തന്നെയാണ് എന്റെ മനസ്സിൽ വരുന്നത്.

സ്നാപക യോഹന്നാൻ തന്റെ രണ്ടു ശിഷ്യൻമാർക്ക് യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറയുന്നത് ''ഇതാ ദൈവത്തിന്റെ കുഞ്ഞാട്'' എന്നാണ്. കൗതുകത്തോടെ അവർ യേശുവിനെ പിന്തുടരാൻ തുടങ്ങുന്നു. യേശു തിരിഞ്ഞ് അവരോടു ചോദിക്കുന്നു, ''നിങ്ങൾ എന്താണ് അന്വേഷിക്കുന്നത്''? അവരുടെ മറുപടിയും ഒരു ചോദ്യമാണ്. ''റബ്ബീ അങ്ങ് എവിടെയാണ് വസിക്കുന്നത്?'' വളരെ ലളിതമായൊരു ക്ഷണത്തിലൂടെ അതിനുള്ള മറുപടിയും വന്നു. ''വന്നു കാണുക.''

ശിഷ്യൻമാർ ക്ഷണം സ്വീകരിക്കുന്നു. യേശുവിനൊപ്പം അവർ സമയം ചെലവഴിക്കുന്നു. അവരുടെയുള്ളിൽ എന്തോ മാറ്റമുണ്ടാകുന്നുണ്ട്. അവരിലൊരാൾ അന്ത്രയോസാണ്. യേശുവിനെ കണ്ടുമുട്ടിയ അന്ത്രയോസ് സഹോദരൻ ശിമയോനെയും അവന്റെയടുത്തേക്ക് കൂട്ടിക്കൊണ്ടുവരുന്നു. അന്ത്രയോസ് സഹോദരനെ നിർബന്ധിച്ചല്ല കൊണ്ടുവരുന്നത്. മറിച്ച്, തന്റെ കണ്ടെത്തലിന്റെ ആനന്ദം പങ്കുവച്ചുകൊണ്ട് ശിമയോനെയും യേശുവിന്റെ അടുത്തേക്ക് ക്ഷണിക്കുകയാണ്. അങ്ങനെ മിഷനറികളാകുന്നതിനുമുൻപ് അവർ സഹചാരികളാകുന്നു. അവനോടൊപ്പം ജീവിക്കാൻ അവർ പഠിക്കുന്നു.

'ക്ഷണം മുതൽ കണ്ടുമുട്ടൽ വരെ'യുള്ള യാത്രയിലുടെ ജീസസ് യൂത്ത് മുന്നേറ്റം സുവിശേഷത്തിന്റെ ഹൃദയത്തിൽ ജീവിക്കുന്നു. മുന്നേറ്റത്തിന്റെ വളർച്ചയുടെ ചരിത്രത്തിൽ ഇത് നെയ്തുചേർത്തിരിക്കുന്നത് കാണാം. കാരണം നമ്മുടെയും യാത്ര ആരംഭിച്ചത് ആരെങ്കിലുമൊക്കെ ക്ഷണിച്ചതിനെത്തുടർന്നാണ്. ഒരു സുഹൃത്ത്, സഹപാഠി അല്ലെങ്കിൽ അയൽക്കാരൻ; അയാൾ നമ്മളെ ശ്രദ്ധിച്ചു, സ്വാഗതം ചെയ്തു, നമ്മെ കേട്ടു, പ്രാർഥനയിലേക്കോ കൂട്ടായ്മയിലേക്കോ ധ്യാനത്തിലേക്കോ ക്ഷണിച്ചു. അതിലൂടെ നാം ക്രിസ്തുവിനെ കണ്ടുമുട്ടുകയും ഒരു കൂട്ടായ്മയുടെ ഭാഗമാകുകയും ചെയ്തു.

ഈ ക്ഷണം ഇന്നും തുടരുകയാണ്. എല്ലാദിവസവും ഈ ''വന്നു കാണൽ'' സംഭവിക്കുന്നു. ശിഷ്യത്വത്തിന്റെ ഓരോ പുതിയ ഘട്ടവും തുടങ്ങുന്നത് യേശുവിന്റെ സാന്നിധ്യത്തിലേക്കു തിരികെയെത്തുമ്പോഴാണ്.

ഇന്ന്, ഈ ക്ഷണത്തിന്റെ ആവശ്യം എന്നത്തേക്കാളും പ്രധാനമാണ്. അതിവേഗം മാറുന്ന ഒരു ലോകത്താണ് ഇന്നത്തെ യുവജനങ്ങൾ. സാങ്കേതികവിദ്യ മുൻപൊരിക്കലുമില്ലാത്തപോലെ നമ്മെ ബന്ധിപ്പിക്കുമ്പോഴും ഒറ്റപ്പെടലും ഉത്കണ്ഠയും ആശയക്കുഴപ്പവും ഏകാന്തതയും വർദ്ധിച്ചിട്ടുണ്ട്. സകലരും അർഥവും സ്വത്വവും തങ്ങളുടേതായ ഇടവും പ്രത്യാശയുമെല്ലാം തേടിക്കൊണ്ടേയിരിക്കുന്നു. സമൂഹമാധ്യമങ്ങളിലെ ചിരികൾക്ക് പിന്നിൽ അധികമാരും കാണാത്ത, ഭാരപ്പെടുന്ന ഹൃദയങ്ങളുമുണ്ടാകാം.

ശിഷ്യരോടുള്ള യേശുവിന്റെ ചോദ്യം ഇപ്പോഴും പ്രസക്തമാണ്. ''നിങ്ങൾ എന്താണ് അന്വേഷിക്കുന്നത്?'' സകലരും അന്വേഷിക്കുന്നത് യഥാർഥമായ സൗഹൃദങ്ങൾക്കുവേണ്ടിയാണ്. ചിലർ ജീവിതലക്ഷ്യങ്ങൾക്കായി, സ്വീകാര്യതയ്ക്കായി അല്ലെങ്കിൽ പ്രത്യാശയ്ക്കായി. അറിഞ്ഞോ അറിയാതെയോ, ഇവരെല്ലാം യഥാർഥത്തിൽ ക്രിസ്തുവിനെയാണ് അന്വേഷിക്കുന്നത്. അവിടത്തെ ക്ഷണമാകട്ടെ ഇപ്പോഴും തുടരുന്നു, ''വന്നു കാണുക.''

മുന്നേറ്റമെന്ന നിലയിൽ ചെറുപ്പക്കാർക്ക് ഈ ക്ഷണത്തോടു പ്രതികരിക്കാനൊരു വേദിയാണ് നാം ഒരുക്കുന്നത്. നമ്മുടെ കൂട്ടായ്മകളും പ്രാർഥനയോഗങ്ങളും മീറ്റിങ്ങുകളും മിഷനുകളുമെല്ലാം അതിൽത്തന്നെ അവസാനിക്കുന്നില്ല. മറിച്ച്, ക്രിസ്തുവിനെ കണ്ടുമുട്ടാനുള്ള അവസരങ്ങളാണ് അവയെല്ലാം. യുവജനങ്ങൾക്ക് സൗഹൃദവും കൂട്ടായ്മയും അടുപ്പവും ക്രിസ്തുവിന്റെ സജീവ സാന്നിധ്യവും അനുഭവിക്കാനാകുന്ന വേദികൾ.

യുവത്വത്തിന്റെ പ്രസരിപ്പോടെ എല്ലാവരെയും സ്വാഗതം ചെയ്യുന്ന മിഷനറി മുന്നേറ്റമെന്നതാണ് ജീസസ് യൂത്തിന്റെ എക്കാലത്തെയും കരുത്ത്. യുവജനങ്ങൾ യുവജനങ്ങളെ ക്ഷണിക്കുന്നു. വൈദികരും സന്യസ്തരും കുടുംബങ്ങളും യുവജനങ്ങളെ അനുധാവനം ചെയ്യുന്നു. സുഹൃത്തുക്കൾ സുഹൃത്തക്കളോടൊപ്പം യാത്ര ചെയ്യുന്നു. യഥാർഥ ബന്ധങ്ങളിലൂടെ വിശ്വാസം പങ്കുവയ്ക്കപ്പെടുന്നു. ഈ ലളിതമായ സമീപനം എണ്ണമറ്റ ജീവിതങ്ങളെയാണ് സ്വാധീനിച്ചിരിക്കുന്നത്.

കഴിഞ്ഞ രണ്ടുവർഷമായി തുടരുന്ന ''മുന്നേറ്റത്തെ ശ്രവിക്കുക'' എന്ന പ്രക്രിയയിലൂടെ ഒരു പ്രമേയം ഉയർന്നുവന്നിട്ടുണ്ട്. കൂടുതൽ ആഴമേറിയ ബന്ധങ്ങൾ, ശക്തമായ കൂട്ടായ്മകൾ, അർഥപൂർണമായ അനുധാവനം, നവീകരിക്കപ്പെട്ട മിഷനറി മുന്നേറ്റങ്ങൾ എന്നിവയാണത്. ഇതുവഴി, നമ്മുടെ ബന്ധങ്ങളിലും കൂട്ടായ്മാ ജീവിതത്തിലും മിഷൻ ജീവിതത്തിലും കർത്താവ് നമ്മെ കൂടുതൽ ആഴത്തിലുള്ള പരിവർത്തനത്തിലേക്ക് ക്ഷണിക്കുന്നുവെന്നാണ് നാം മനസ്സിലാക്കുന്നത്.

മുന്നേറ്റത്തിന്റെ ഭാവി നിർമിക്കപ്പെടുന്നത് യേശുവിന്റെ ക്ഷണം സ്വീകരിക്കുന്നതിലൂടെയും ആ ക്ഷണം മറ്റുള്ളവർക്കു കൈമാറുന്നതിലൂടെയുമാണ്.

'വന്നു കാണുക' അനുഭവത്തിന്റെ കൃപ നമ്മിൽ നിറയാനായി നമുക്ക് പ്രാർഥിക്കാം. മറ്റുള്ളവരെ ശ്രദ്ധിക്കുന്ന, കേൾക്കുന്ന, സ്വാഗതം ചെയ്യുന്ന, ഒപ്പംനടക്കുന്ന, അവരെ ക്രിസ്തുവിലേക്കു നയിക്കുന്നവരായി നമുക്ക് മാറാം.

നവീകരണം തുടങ്ങുന്നത് കണ്ടുമുട്ടലിൽ നിന്നാണ്. മിഷൻ തുടങ്ങുന്നത് ക്ഷണത്തിൽ നിന്നും. യുവജനങ്ങൾ കാത്തിരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ചോദ്യം ഇതാണ്. ''നാം ഇപ്പോഴും ആളുകളെ ക്ഷണിക്കുന്നുണ്ടോ?''

നവാഗതർക്ക് തങ്ങൾ സ്വാഗതം ചെയ്യപ്പെടുന്നതായി നമ്മുടെ കൂട്ടായ്മകളിൽ അനുഭവപ്പെടുന്നുണ്ടോ?

യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടാനുള്ള വേദികൾ നാം ബോധപൂർവ്വം സൃഷ്ടിക്കുന്നുണ്ടോ?

അന്വേഷിക്കുന്നവരിലേക്കും ഒറ്റപ്പെട്ടുപോയവരിലേക്കും നാം എത്തിപ്പെടുന്നുണ്ടോ?

അന്ത്രയോസിനെപ്പോലെ നാം മറ്റുള്ളവരെ യേശുവിലേക്കു കൊണ്ടുവരുന്നുണ്ടോ?

ദൈവം ഇന്നു നമ്മുടെ മുന്നിലേക്ക് കൊണ്ടുവരുന്ന 'ശിമയോൻ' ആരാണ്?

ആരാണ് ഒരു ക്ഷണത്തിനായി നമ്മുടെ ചുറ്റുപാടിൽ കാത്തിരിക്കുന്നത് ?

നമ്മുടെ ഉത്തരം ധൈര്യത്തോടെയും ഉദാരതയോടെയുമാകട്ടെ. പ്രത്യാശയ്ക്കായി േ കഴുന്ന ഈ തലമുറയ്ക്കുള്ള ക്രിസ്തുവിന്റെ മറുപടി നമുക്ക് പ്രതിധ്വനിപ്പിക്കാം.
''വന്നു കാണുക.''

മിഥുൻ പോൾ

*കോ-ഓർഡിനേറ്റർ, ജീസസ് യൂത്ത് അന്തർദേശിയ കൗൺസിൽ*

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*